# Malayala Manorama

## 18 August 2018

## Kochi, Flood Victims, Rescue Operation, Navy

# പ്രളയം: രക്ഷാ ദൗത്യവുമായി നാവികസേനയുടെ 76 സംഘം

കൊച്ചി • പ്രളയത്തിൽ മുങ്ങിയ ജില്ലകളിൽ മുഴുവൻസമയ രക്ഷാ ദൗത്യവുമായി നാവികസേന. മുങ്ങൽ വിദഗ്ധരടക്കമുള്ള 76 സംഘങ്ങളാണു ജമിനി ബോട്ടുകൾ സഹിതം വിവിധ ജില്ലകളിലുള്ളത്. ഇതിനകം 3,000 പേരെ സേന രക്ഷിച്ചു. ഇന്നലെ മാത്രം 310 പേരെ ബോട്ടുകൾ വഴിയും 176 പേരെ ഹെലികോപ്റ്ററുകൾ വഴിയും രക്ഷപ്പെടുത്തി.

ആലുവയിലെ നാവികസേനയുടെ ക്യാംപിൽ 151 പേരുണ്ട്. സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം 25 സംഘങ്ങളെക്കൂടി സേന തയാറാക്കി നിർത്തിയിട്ടുണ്ട്. വടക്കൻ പറവൂരിൽ 16 സംഘങ്ങളും ആലുവയിൽ പന്ത്രണ്ടും മൂവാറ്റുപുഴയിൽ നാലും പെരുമ്പാവൂരിൽ മൂന്നും ഇടപ്പള്ളി, പിഴല എന്നിവിടങ്ങളിൽ ഒന്നു വീതവും സംഘങ്ങൾ രംഗത്തുണ്ട്.

ചാലക്കുടിയിൽ ഒൻപതു സംഘങ്ങളും ചെങ്ങന്നൂരിൽ നാലു സംഘങ്ങളും രംഗത്തുണ്ട്. വയനാട്ടിൽ ഈ മാസം ഒൻപതു മുതൽ അഞ്ചു സംഘങ്ങൾ രക്ഷാദൗത്യത്തിലാണ്. ഹെലികോപ്റ്ററുകൾ വഴി ഭക്ഷണവും മരുന്നും എത്തിക്കുകയും ചെയ്യുന്നുണ്ട്.



**നെഞ്ചോടു ചേർത്ത്:** ചാലക്കുടിക്കടുത്ത് മേലൂർ കലവറക്കടവിലെ വീടിന്റെ മുകൾനിലയിൽ ഒരു പകലും രാത്രിയും അഭയം തേടി കാത്തിരുന്ന 15 ദിവസം പ്രായമുള്ള കുഞ്ഞടക്കമുള്ള കുടുംബത്തെ നാവികസേന രക്ഷിച്ചപ്പോൾ.